# KSSIA NEWS

www.kssia.com

വ്യവസായ മാസിക

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JANUARY 2023. ₹ 5.00

VOL.2 - ISSUE NO. 12 - DATE OF PUBLICATION 25TH JANUARY 2023 - REGN. NO. KERBIL/2005/23143


## വ്യവസായ കുതിപ്പിന് ഊർജ്ജമേകി
## സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി





3 സംഘ ശക്തിയും മാദ്ധ്യമ പ്രസക്തിയും

6 മാറണം ഈ മനോഭാവം

12 റബ്ബർ പ്രൊഡക്ട്സ് ഇൻകുബേഷൻ സെന്റർ

5 KSSIA, KSSF മെമ്പർഷിപ്പ് ക്യാമ്പയിൻ റിന്യൂവൽ ക്യാമ്പയിൻ

8 സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

14 പി.എം.ഇ.ജി.പി. വായ്പ പദ്ധതി

# We are ready, are you?

KSIDC is invested in Kerala's industrial development not only as a facilitator but also as a creator of infrastructure, enabling the investor get down to business, hassle-free.

- Industrial Growth Centre, Alappuzha
- Industrial Growth Centre, Kozhikode
- Industrial Growth Centre, Kannur

## THEME SPECIFIC PARKS

- Life Sciences Park, Thiruvananthapuram
- Medical Devices Park, Thiruvananthapuram
- Mega Food Park, Alappuzha
- Coconut Industrial Park, Kozhikode
- Light Engineering and Industrial Park, Palakkad
- KSIDC Industrial Space, Kasaragod




KSIDC

**Kerala State Industrial Development Corporation Ltd.**
**Head Office:** T.C. XI/266, Keston Road, Kowdiar, **Thiruvananthapuram**-695 003
**Regional Office:** 2nd Floor, Choice Towers, Manorama Junction, **Kochi**-682016
**Kozhikode:** 1st Floor, BSNL GM Office, Annex Building, Balan K Nair Road, Asokapuram-673001

Write to us at: bd@ksidcmail.org, enquiry@ksidcmail.org
Call us on 0471-2318922/0484-2323010

kswift.kerala.gov.in ▪ www.ksidc.org

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION JANUARY 2023 ₹ 5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 0484-2532118
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS
FOR THE YEAR 2022-2024**

**STATE PRESIDENT**
**A. Nizarudeen**
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
**P.J. Jose**
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
**A. Fasiludeen**
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
**Abraham Kuriakose**
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
**A.V. Sunilnath**
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
**Joseph Paikada**
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
**V.K. Harilal (South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

**B. Jayakrishnan (Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

**George Mundakkal (North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
***Chief Editor***
**S. Salim**
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
**K.P. Ramachandran Nair**
Mobile: 94470 17899
---------------------------------------------------------
**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

## എഡിറ്റോറിയൽ

# സംഘ ശക്തിയും മാദ്ധ്യമ പ്രസക്തിയും



**സം**ഘ ശക്തിയുടെ വിജയഗാഥയാണ് ചരിത്രത്തിലെ ഉണർത്തു പാട്ടുകൾ. സംഘടന കൊണ്ട് ശക്തരാവുക എന്ന ഗുരു പാഠവും നമ്മുടെ മുന്നിലുണ്ട്. ഈ ചിന്തകളുടെ അസ്ഥിവാരത്തിലാണ് നമ്മളും ഒരു സംഘടന രൂപികരിച്ചിരിക്കുന്നത്. പക്ഷേ, അതിന്റെ കൂട്ടായ്മയെ ഒരുമിപ്പിക്കുന്നതിൽ നാം എത്ര മാത്രം വിജയിച്ചിട്ടുണ്ടെന്ന് ആത്മ പരിശോധന നടത്തേണ്ട സമയം സമാഗതമായിരിക്കുന്നു. പ്രത്യേകിച്ചും മത സമുദായ ശക്തികൾ പോലും സംഘ ശക്തിയുടെ ധാർഷ്ട്യം പ്രകടിപ്പിക്കുന്ന ഈ വർത്തമാനകാലത്തിൽ.

നമ്മുടെ സംഘടന അധികാരത്തിനായി വില പേശുന്നില്ല. അതിന് കക്ഷി രാഷ്ട്രീയമില്ല. സംഘടനക്കുള്ളത് വ്യവസായ താല്പര്യം മാത്രം. ഇപ്പോൾ സർക്കാർ സംരംഭക വർഷം ആഘോഷിക്കുന്ന വേളയിൽ നാം ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. പുതിയ സംരംഭകരുടെ വളർച്ചക്കും നിലവിലുള്ളതിന്റെ നിലനിൽപ്പിനും വേണ്ടി.

നമ്മുടെ സംഘടന കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ മുഴുവൻ ഉത്പാദകരുടെതാണ്. അവരുടെതാണ്, അവർക്കു വേണ്ടി ഉള്ളതാണ് ഈ ബോധ്യത്തിലാണ്, സർക്കാരിന്റെ വ്യവസായ നയ രൂപികരണ ചർച്ചയിലും, വ്യവസായികളുടെ പ്രശ്നങ്ങളിലും അവരുടെ ആവശ്യങ്ങളിലും അവകാശങ്ങളിലും, അനുഭാവ പൂർവ്വം, സർക്കാർ നമ്മെ കേൾക്കുന്നത്. അതാകട്ടെ ഓരോ വ്യവസായ യൂണിറ്റുകളുടെയും പുരോഗതിയും നിലനിൽപ്പും ലക്ഷ്യമിടുന്നു.

വ്യവസായികൾ തമ്മിൽ തമ്മിലും, വ്യവസായികളും സർക്കാരും, ഉദ്യോഗസ്ഥരും, പൊതു ജനങ്ങളും ഒക്കെ പരസ്പരം പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടു കിടക്കുന്ന ഇവരെയൊക്കെ ഒരുമിപ്പിച്ചു കൊണ്ടുള്ള ഏക ആശയ സംവേദന മാർഗം നമ്മുടെ പ്രസിദ്ധികരണമാണ്. അതിന്റെ സ്ഥിതിയും ഇന്ന് കഷ്ടത്തിലും, നഷ്ടത്തിലുമാണ്. അത് നിലനിറുത്തേണ്ടത് നമ്മുടെ തന്നെ നില നിൽപ്പിന്റെ ആവശ്യമാണ്.

ഇത്തരുണത്തിൽ, നമ്മുടെ ആശയ സംവേദന മാർഗമായ 'മാസിക'യേയും ഒരുമയുടെ ശക്തിയായ നമ്മുടെ സംഘടനയേയും ബലപ്പെടുത്തേണ്ടതുണ്ട്. പരസ്യം നൽകിയും അംഗസംഖ്യ വർദ്ധിപ്പിച്ചു മുഴുവൻ ജില്ലാ കമ്മിറ്റികളും ജനറൽ കൗൺസിൽ അംഗങ്ങളും, സംസ്ഥാന കമ്മിറ്റി അംഗങ്ങളും മുന്നോട്ടു വരണമെന്ന അഭ്യർത്ഥനയോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

# നീറ്റേണ്ട... കൂട്ടേണ്ട... ഇളക്കി നേരിട്ട് പുരട്ടുക / 50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് ബോർഡോ പെയിന്റ് ലയിപ്പിച്ച് തളിക്കുക

**എന്തിനും ഏതിനും**

റെഡി ടു യൂസ്

കൊണ്ടോടീസ്™

## ബോർഡോ പെയിന്റ്

Patent No: 364252

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**

ചീക്കുരോഗത്തിന് നേരിട്ട് പെയ്ന്റ് ചെയ്യുക.

വേപ്പ് എണ്ണയും ജൈവപശയും ചേർന്നത്



Packings
250 gm - 1 Box 40 Nos.
500 gm - 1 Box 20 Nos.
1 Kg -1 Box 10 Nos.
4 Kg -1 Box 2 Nos.

**4 Kg**

### കൃഷികൾക്ക് അത്യുത്തമം

റബ്ബർ, ജാതി, മാവ്, ഏലം, കുരുമുളക്, ഇഞ്ചി, തെങ്ങ് കമുക്, വെറ്റിലക്കൊടി, വാനില, കൊക്കോ, മാതളം, നാരകം, മുന്തിരി, ഓറഞ്ച്, വാഴ, പച്ചക്കറികൾ, പുൽത്തകിടി, തൈതെങ്ങിന്റെ കൂമ്പുചീയൽ എന്നീ കൃഷികൾക്കെല്ലാം ഉത്തമം.

കാലവർഷത്തിനോടൊപ്പം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും, രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു. പുതിയ നാമ്പുകൾ വന്ന് ചെടികൾ ശക്തി പ്രാപിക്കുന്നു.



COPPER SULPHATE PENTA

## തുരിശ്

IS:261
CM/L6297584

1 KG., 25 KG., 50 KG.

**Crystal & Powder**

Also Available
**ബോർഡോ ലൈം**
1Kg പൗഡർ

**KONDODYS®**
for the best bordeaux spray

---

## SANSON CHEMICAL INDUSTRIES


**ഹെഡ് ഓഫീസ്:** കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.
ഫോൺ: 0481 – 2564708, 2566598 E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) **9847046229**

**Karnataka Branch:** KIADB Industrial Area Mangalore -574154 Vivin X Kondody: **9880033644**


**ബോർഡോ ലൈം (1 കിലോ), Coc 50% WDP എന്നിവയും ലഭ്യമാണ്** | **Dealers wanted in all places**

# പ്രസിഡൻഷ്യൽ റിപ്പോർട്ട്



- കെ.എസ്.എസ്.ഐ.എ. യുടെ മെമ്പർഷിപ്പ് റിന്യൂവൽ
- കെ.എസ്.എസ്.ഐ.എ. യുടെ പുതിയ മെമ്പർഷിപ്പ് ക്യാമ്പയിൻ
- കെ.എസ്.എസ്.എഫ്. മെമ്പർഷിപ്പ് ക്യാമ്പയിൻ

**കെ.**എസ്.എസ്.ഐ.എ. യുടെ എല്ലാ അംഗങ്ങൾക്കും ആദ്യമേ തന്നെ പുതുവത്സരാശംസകൾ നേരുന്നു.

ഒരു സംഘടനയുടെ ശക്തി എന്നത് ആ സംഘടനയുടെ അംഗങ്ങളാണ്. അംഗബലമുള്ള ഒരു സംഘടനക്ക് മാത്രമേ അവരുടെ ആവശ്യങ്ങളെല്ലാം സർക്കാർ തലത്തിലായാലും മറ്റ് തലങ്ങളിലായാലും നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ അംഗബലം കൊണ്ടാണ് സർക്കാരിന്റെ 24 കമ്മറ്റികളിൽ നമുക്ക് പ്രാതിനിധ്യം ലഭിച്ചത്. കൂടുതൽ കൂടുതൽ അംഗങ്ങൾ മെമ്പർഷിപ്പ് എടുക്കുന്നതിലൂടെ ചെറുകിട വ്യവസായ അസ്സോസി യേഷന്റെ ശക്തി കൂടി കൊണ്ടിരിക്കും.


കെ.എസ്.എസ്.ഐ.എ. യുടെ Membership Renewal 2023 മാർച്ച് 31 നകം കളക്റ്റ് ചെയ്ത് 2023 ഏപ്രിൽ 15 നകം കെ.എസ്.എസ്.ഐ.എ. ഓഫീസിൽ എത്തിക്കേണ്ടതാണ്. നമ്മുടെ ഒട്ടുമിക്ക ജില്ലകൾക്കും താലൂക്ക് കമ്മിറ്റികളുണ്ട്. ഓരോ താലൂക്കടിസ്ഥാനത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിനിറങ്ങിയാൽ വളരെ വേഗം Renewal പൂർത്തിയാക്കാൻ സാധിക്കും. സംസ്ഥാന സർക്കാരിന്റെ 1 ലക്ഷം സംരംഭകരെന്ന ലക്ഷ്യത്തിലൂടെ പുതിയ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം രൂപം കൊണ്ടിട്ടുണ്ട്. ഇവർക്കെല്ലാം നമ്മുടെ സംഘടനയുടെ പ്രാതിനിധ്യവും, ശക്തിയും ബോധ്യപ്പെടുത്താൻ സാധിക്കുന്നതിലൂടെയും, കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ജില്ലാ ഭാരവാഹികളുടെയും, താലുക്ക് ഭാരവാഹികളുടെയും പരിശ്രമത്തിന്റെ ഫലമായി ഈ വർഷം കെ.എസ്.എസ്.ഐ.എ. യുടെ അംഗത്വം വർദ്ധിപ്പിക്കുവാൻ സാധിക്കും.

കെ.എസ്.എസ്.എഫിൽ അംഗത്വമെടുക്കാത്തവർക്കായ് ഒരു സുവർണാവസരം ഒരുക്കുകയാണ് ഈ മെഗാക്യാമ്പയിനിലൂടെ. 2023 മാർച്ച് 31 നകം കെ.എസ്.എസ്.എഫിൽ അംഗത്വമെടുക്കുന്ന വ്യക്തികൾക്ക് ഇപ്പോൾ കെ.എസ്.എസ്.എഫ്. നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. 2023 മാർച്ച് 31 നു ശേഷം മെമ്പർഷിപ്പ് തുക വർദ്ധനവുണ്ടാകും. കൂടാതെ മരണാനന്തര സഹായമായി 10,00,000 രൂപ മാത്രമാണ് ലഭിക്കുക. വ്യക്തികൾക്ക് ചികിത്സാ, റിട്ടയർമെന്റ് ബെനിഫിറ്റുകൾ യാതൊന്നും ഉണ്ടായിരിക്കുകയില്ല. 2023 ഫെബ്രുവരി, മാർച്ച് മാസം കെ.എസ്.എസ്.ഐ.എ. മെമ്പർഷിപ്പ് റിന്യൂവലിന്റെ സമയമായതിനാൽ അത് കളക്റ്റ് ചെയ്യുന്നതിനോടൊപ്പം കെ.എസ്.എസ്.എഫ്. മെമ്പർഷിപ്പ് എടുക്കുവാൻ കൂടിയുള്ള അവസരമായിരിക്കും.

ഇതൊരു സുവർണാവസരമായി എടുത്ത് കെ.എസ്.എസ്.ഐ.എ. യുടെ Membership Renewal, പുതിയ മെമ്പർഷിപ്പ് ക്യാമ്പയിനും, കെ.എസ്.എസ്.എഫ്. മെമ്പർഷിപ്പ് ക്യാമ്പയിനും എത്രയും പെട്ടെന്നും നടത്തണമെന്നും അഭ്യർത്ഥിക്കുന്നു.

**എ. നിസാറുദ്ദിൻ**
സംസ്ഥാന പ്രസിഡന്റ്

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി





# മാറണം ഈ മനോഭാവം

**കേ**രളത്തന്റെ വ്യാവസായിക വളർച്ചയേയും വ്യാവസായിക അന്തരീക്ഷത്തേയും മുൻധാരണകളൊന്നുമില്ലാതെ സത്യസന്ധമായി വിലയിരുത്തിയാൽ ശുഭസൂചകം എന്നേ പറയാൻ കഴിയൂ. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷത്തെ ഗുണപരമായ മാറ്റത്തിന് വിധേയമാക്കിയിരിക്കുന്നു. വാഗ്ദാനങ്ങൾ പാലിക്കാനും പറയുന്ന കാര്യങ്ങൾ പരമാവധി നടപ്പിലാക്കാനും ശ്രമിക്കുന്ന വളരെ ഊർജ്ജസ്വലനായ ഒരു വ്യവസായ മന്ത്രിയാണ് നമുക്കുള്ളത്. മുമ്പ് പലരും പരിശ്രമിച്ച് നടക്കാതെ പോയ പല കാര്യങ്ങളും വ്യവസായ സമൂഹത്തിനു വേണ്ടി അദ്ദേഹം ചെയ്യുന്നു. ഉദ്യോഗസ്ഥന്മാരുടെ കാഴ്ചപ്പാടിലും കാര്യമായ മാറ്റം വന്നിരിക്കുന്നു. വ്യവസായങ്ങൾക്കുള്ള വിവിധ ലൈസൻസുകൾ ലഭ്യമാക്കുന്നതുൾപ്പടെയുള്ള ഒരു നൂറു കൂട്ടം ആവശ്യങ്ങൾക്കായി വ്യവസായ വകുപ്പിന്റെ പടിയിറങ്ങിക്കയറേണ്ട അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. മിക്കവാറും എല്ലാ കാര്യങ്ങളും ഓൺലൈനാക്കി സുതാര്യത കൈവന്നിരിക്കുന്നു. രാഷ്ട്രീയ ദുഷ്ടലാക്കില്ലാതെ നോക്കുന്ന ഏവർക്കും ബോധ്യം വരുന്ന വസ്തുതകളാണിവ.

എന്നാൽ ഇപ്പോഴും മാറ്റമില്ലാതെ നിൽക്കുന്നത് തൊഴിലാളി സംഘടനകളുടെ മനോഭാവമാണ്. അതിന് രാഷ്ട്രീയഭേദമില്ല. അവകാശങ്ങൾ നേടാൻ അവരുടെ സംഘടിതശക്തിക്ക് കഴിയുമെങ്കിൽ അതിനെ ഞാൻ കുറ്റം പറയുന്നില്ല. ചില നിസ്സാര കാര്യങ്ങൾക്കു വരെ വ്യവസായികളെ ബുദ്ധിമുട്ടിക്കാൻ നോക്കുന്ന യൂണിയനുകൾ ഇപ്പോഴുമുണ്ട്. ചെറുകിട ഇടത്തരം വ്യവസായങ്ങളെയാണ് ഇക്കൂട്ടർ ഏറെയും ബുദ്ധിമുട്ടിക്കുന്നത്. കഷ്ടത അനുഭവിക്കുന്നത് എല്ലാം വിറ്റു പെറുക്കി വ്യവസായം നടത്തി ജീവിക്കാൻ ശ്രമിക്കുന്ന ചെറുകിടക്കാർ. സംസ്ഥാനത്തിന്റെ മൊത്തം അവസ്ഥ ഇതാണെന്ന് പറയുന്നില്ല. രാഷ്ട്രീയ ദുഷ്ടലാക്കുള്ളവർക്ക് മുതലെടുക്കാൻ അവസരമുണ്ടാക്കുകയാണെന്നും ഇവർ മനസ്സിലാക്കുന്നില്ല. ഇതിന് മാറ്റം വരണം.

കേരളം ആഗ്രഹിക്കുന്ന വ്യവസായ അന്തരീക്ഷത്തിന് ഒട്ടും യോജിക്കാത്ത പ്രവൃത്തിയാണിത്. ആരായാലും അവരെ മുഖം നോക്കാതെ തള്ളിപ്പറയാൻ രാഷ്ട്രീയപാർട്ടികളും ഒപ്പം ഭരണകർത്താക്കളും മുമ്പോട്ടു വരണം. തൊഴിലാളി സംഘടനകളെ അവരുടെ രാഷ്ട്രീയ നേതൃത്വം നിയന്ത്രിക്കണം. എല്ലാ നിയമങ്ങളെയും നോക്കു കുത്തിയാക്കുന്ന ചില വർത്തമാനകാല സംഭവങ്ങൾ ആവർത്തിക്കാൻ ഇടയാക്കരുത്.

എങ്കിൽ കേരളം വളരും, വ്യാവസായികമായി. നിശ്ചയം.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# ഗ്രൂപ്പ് മെഡിക്ലെയിം ഇൻഷൂറൻസ്



**ലേഖകൻ വിശ്വനാഥൻ ഒടാട്ട്**

**ആ**ശുപത്രിചിലവുകൾ മൂലം കടകെണിയിലാവുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരികയാണ്. തനിക്കും കുടുംബാംഗങ്ങൾക്കും അസുഖങ്ങൾ ഒന്നും ഇതുവരെ വന്നിട്ടില്ല എന്ന ചിന്തയാകാം ഒരു പരിധിവരെ ആരോഗ്യ ഇൻഷൂറൻസിൽ നിന്നും പിൻതിരിയാനുള്ള പ്രധാനകാരണം. എന്നാൽ ഒരു അസുഖം/മാരകരോഗം പിടിപെട്ട ശേഷം ഒരു ആരോഗ്യ ഇൻഷൂറൻസിനായി തിരഞ്ഞാൽ ഉദ്ദേശിച്ച കാര്യം നടക്കണമെന്നില്ല. അസുഖങ്ങളെ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കാത്ത ഇന്നത്തെ ലോകത്ത് ആരോഗ്യ സുരക്ഷാ പോളിസികളുടെ പ്രാധാന്യം വളരെയധികം കൂടി വരികയാണ്. ഇന്ത്യയിൽ ഏറ്റവും വലിയ വളർച്ചാനിരക്കാണ് ആരോഗ്യ ഇൻഷൂറൻസ് മേഖലയിൽ ഇന്നുള്ളത്. ചികിത്സാ ചിലവുകളിലെ പണപ്പെരുപ്പമാകട്ടെ 15% ൽ അധികമാണ്. ഒരോ വർഷവും കൂടി വരുന്നത്. ജീവിതശൈലി, വ്യായാമകുറവ്, ഭക്ഷണ രീതികൾ, പരമ്പരാഗത രോഗങ്ങൾ, മാനസിക പിരിമുറുക്കം എന്നിവ നമ്മെ നേരത്തെ തന്നെ രോഗികളാക്കി മാറ്റുന്നു. നൂതന രീതിയിലുള്ള ചികിത്സാ രീതികൾ വലിയ സാമ്പത്തിക ചിലവുകൾക്ക് വഴി വെക്കുകയും ചെയ്യുന്നു എങ്കിൽ പിന്നെ ആരോഗ്യ ഇൻഷൂറൻസ് എത്രയും വേഗം നടപ്പിലാക്കുകയെ ഇനി നിർവ്വാഹമുള്ളൂ.

രണ്ടുവിധത്തിൽ ഗ്രൂപ്പ് മെഡിക്ലെയിം ഇൻഷൂറൻസ് പോളിസികൾ എടുക്കാവുന്നതാണ്. ഒന്ന് തൊഴിലുടമയും തൊഴിലാളിയും എന്ന നിലക്ക്, രണ്ടാമത് കെ.എസ്.എസ്.ഐ.എ. യിൽ അംഗങ്ങൾ ആയവർക്കുള്ള ഗ്രൂപ്പ് പോളിസി. രണ്ടിടത്തും പോളിസിയിൽ ചേരുന്നവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി ഇൻഷൂർ ചെയ്യാവുന്നതാണ് തൊഴിലുടമ -തൊഴിലാളികളെ ഇൻഷൂർ ചെയ്യുമ്പോൾ ചുരുങ്ങിയത് 7 പേരെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ സംഘടനാ തലത്തിൽ ഇൻഷൂർ ചെയ്യുമ്പോൾ യുണിറ്റ്/ജില്ലാ അടിസ്ഥാനത്തില്ലെങ്കിലും മെമ്പർമാർ ചേർന്നിരിക്കണം. അതായത് 100ൽ കൂടുതൽ മെമ്പർമാരെങ്കിലും ഉണ്ടെങ്കിലെ പോളിസി ചിട്ടപ്പെടുത്തിയെടുക്കാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള അസുഖങ്ങളും കവർ ചെയ്യുന്ന പോളിസിയാണ് നൽകുക. അതുകൊണ്ടുതന്നെ സ്ഥാപനത്തിലെ /സംഘടനയിലെ എല്ലാവരും ചേർന്നിരിക്കണം. ഇൻഷൂർ ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് നൽകുന്നതാണ്. അത് ഉപയോഗിച്ച് അംഗീകൃത ആശുപത്രികൾ മുഖേനെ സൗജന്യ ചികിത്സാ സേവനവും ലഭ്യമാണ്. തൊഴിലുടമ തൊഴിലാളികളെ വ്യക്തിഗതമായി ഇൻഷൂർ ചെയ്യുമ്പോൾ ഉള്ള പോളിസിയുടെ ഇൻഷൂറൻസ് തുകയും, വാർഷിക പ്രീമിയവുമാണ് ചുവടെ കൊടുക്കുന്നത്.

**നികുതി ഉൾപ്പടെയുള്ള പ്രീമിയം:**

| ഇൻഷൂർ ചെയ്യുന്ന തുക | 0-35 | 36-45 | 46-55 | 56-65 |
|---|---|---|---|---|
| 100000 | 1802 | 2650 | 4196 | 5512 |
| 200000 | 2858 | 3187 | 6725 | 9134 |
| 250000 | 2923 | 3385 | 8135 | 12638 |

കെ.എസ്.എസ്.ഐ.എ.യൂണിറ്റ്/ജില്ലാതലത്തിൽ പോളിസി എടുക്കാനായി മെമ്പർമാരുടെ ലിസ്റ്റ്/വയസ്സ് എന്നിവ മുൻകൂട്ടി നൽകേണ്ടതാണ്. ഇൻഷൂർ ചെയ്യുന്ന തുക മെമ്പർമാരുടെ എണ്ണം എന്നിവയെ ആസ്പദമാക്കിയാണ് പ്രീമിയം നിശ്ചയിക്കുക. നിലവിലുള്ള അസുഖങ്ങൾ കവർ ചെയ്യുന്ന പോളിസി നൽകാനും ഇതുവഴി സാദ്ധ്യമാകുന്നു. സംഘടനാതലത്തിൽ ഒത്തൊരുമിച്ച് പോളിസികൾ എടുക്കുമ്പോൾ പരമാവധി റിസ്കുകൾ കവർചെയ്യുന്ന പോളിസി മിതമായ നിരക്കിൽ ലഭ്യമാവുന്നു. അതിനാൽ ജില്ലാതലത്തിൽ ഇതിന് വേണ്ട പരിശീലനങ്ങൾ ആവശ്യമുള്ളവർക്കും താഴെകാണുന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

മാനേജിങ്ങ് ഡയറക്ടർ

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ്**

ഫോൺ: 9895069926, 9846227555



# വ്യവസായ കുതിപ്പിന് ഊർജ്ജമേകി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി 2022



ഹരി കിഷോർ ഐ.എ.എസ്. – വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. സി.എം.ഡി.

**സം**സ്ഥാനത്ത് കൂടുതൽ വ്യവസായ ആവശ്യത്തിന് കൂടുതൽ ഭൂമി ലഭ്യത ഉറപ്പാക്കാനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി വഴി സ്വകാര്യ വ്യവസായ പാർക്കുകളും എസ്റ്റേറ്റുകളും 10 ഏക്കറോ അതിനു മുകളിലോ സ്ഥലം കൈവശമുള്ളവർക്ക് സ്ഥാപിക്കാം. 5 ഏക്കറും അതിനു മുകളിലോ സ്ഥലം കൈവശമുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്ക് (എസ്.ഡി.എഫ്) അനുമതി ലഭിക്കും. 15 ഏക്കറിന് മുകളിലുള്ള പാർക്കുകൾ സ്ഥാപിക്കാൻ അപേക്ഷിക്കുന്നവർക്ക് 1963 ലെ കേരള ലാൻഡ് റവന്യു ആക്റ്റ് പ്രകാരമുള്ള നടപടി ക്രമം അനുസരിച്ചാണ് അംഗീകാരം. പദ്ധതി പ്രകാരം വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും ട്രസ്റ്റുകൾക്കും പാർട്ട്ണർഷിപ്പ് കൂട്ടായ്മകൾക്കും സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാം.

എസ്റ്റേറ്റിനുള്ള ഭൂമി സി.ആർ.ഇസെഡ് അല്ലെങ്കിൽ മറ്റേതെങ്കിലും പരിസ്ഥിതി ലോല മേഖലയിൽ വരരുത്. 2008 ലെ കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ഉറപ്പാക്കണം. ഭൂമിയുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങളും ഉണ്ടാകരുത്. പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ഡെവലപ്പ്മെന്റ് പെർമിറ്റ് ഇഷ്യു ചെയ്ത് രണ്ട് വർഷത്തിനുള്ളിൽ വികസനമൊന്നും നടന്നിട്ടില്ലെങ്കിൽ സർക്കാരിന് പെർമിറ്റ് റദ്ദാക്കാം. സ്വകാര്യ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം ചെയ്ത റെഡ് കാറ്റഗറി വ്യവസായങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകളിൽ അനുവദിക്കില്ല.

## എത്ര ധനസഹായം ലഭിക്കും

അടിസ്ഥാന സൗകര്യ വികസനത്തിന് ഏക്കർ ഒന്നിന് പരമാവധി 30 ലക്ഷം രൂപ എന്ന നിരക്കിൽ പരമാവധി മൂന്ന് കോടി രൂപ വരെ ധനസഹായം ലഭിക്കും. ചെലവാകുന്ന തുക കണക്കാക്കി ധന സഹായം ലഭ്യമാക്കും. വൈദ്യുതി, വെള്ളം, ഗതാഗത സൗകര്യം, ഡ്രെയിനേജ്, മറ്റ് പൊതു സൗകര്യങ്ങൾ, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഒരുക്കുന്നതിന് ചെലവാക്കുന്ന തുക കണക്കാക്കിയായിരിക്കും ധനസഹായം നല്കുന്നത്.



## എങ്ങനെ അപേക്ഷിക്കാം

അപേക്ഷകർ ഓൺലൈൻ പോർട്ടലിൽ പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ഡവലപ്പ്മെന്റ് പെർമിറ്റ് ഫോം നമ്പർ 1 പൂരിപ്പിക്കണം. വ്യവസായ – വാണിജ്യ വകുപ്പ് ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ വ്യവസായം, ധനകാര്യം, റവന്യു, തദ്ദേശ സ്വയം ഭരണം, ജലവിഭവം, വൈദ്യുതി, പരിസ്ഥിതി വകുപ്പ് എന്നിവ ഉൾപ്പെടുന്ന സമിതിക്ക് അയക്കും. 30 ദിവസത്തിനകം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളും. എല്ലാ മാന ദണ്ഡങ്ങളും പാലിക്കുന്നവർക്ക് അനുമതി നല്കും. കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം വിവിധ നിയമങ്ങൾക്ക് കീഴിലുള്ള പ്രസക്തമായ വ്യവസ്ഥകളെ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി വ്യവസായ വകുപ്പ്, സ്ഥാപനത്തിന് ഫോം 2 ൽ സ്വകാര്യ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നല്കും.

## അപേക്ഷിക്കാൻ ആവശ്യമായ രേഖകൾ

1. ബോർഡ് റെസല്യൂഷൻ.
2. കമ്പനി റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.
3. മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ.
4. സ്ഥാപനത്തിന്റെ പാൻ, ലാൻഡ് രേഖകൾ, ഉടമസ്ഥാവകാശവും മുന്നാധാരവും, എൻക്യുബറൻസ് സർട്ടിഫിക്കറ്റ്, പുതിയ ലാൻഡ് ടാക്സ് രസീത്, സർവേ പ്രകാരമുള്ള ഭൂമിയുടെ സൈറ്റ് പ്ലാൻ, ലോക്കേഷൻ സർട്ടിഫിക്കറ്റ്.

## പദ്ധതി വ്യവസ്ഥകൾ

1. വ്യവസായങ്ങൾക്ക് ഉപയോഗപ്രദമായ ഭൂമിയായിരിക്കണം.
2. പരിസ്ഥിതിലോല പ്രദേശങ്ങളോ തീരദേശ മേഖലയോ പാടില്ല.
3. ഉപയോഗത്തിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളുള്ള സ്ഥലമാകരുത്.

## ഡെവലപ്പറുടെ ചുമതലകൾ

1. വൈദ്യുതി, വഴിവിളക്കുകൾ, റോഡുകൾ, ജലസേചനം, പ്ലാന്റുകളിലെ മാലിന്യ നിർമ്മാർജ്ജനം, വാർത്ത വിനിമയ സൗകര്യം എന്നിവ ഉറപ്പാക്കണം
2. സമയബന്ധിതമായി സേവനങ്ങളും അറ്റകുറ്റപ്പണികളും ചെയ്യണം.(സേവനങ്ങൾക്കായുള്ള തുക അനുവദിക്കുന്നതാണ്).

# കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കും

## സംസ്ഥാനത്തിന്റെ വ്യവസായ വികസന വളർച്ചയ്ക്ക് കൂടുതൽ കരുത്തേകുകയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി 2022






3. പരിസ്ഥിതി നിയമങ്ങൾ പാലിക്കുന്നത് ഉറപ്പാക്കണം. (റെഡ് കാറ്റഗറിയിലുള്ള വ്യവസായങ്ങൾ അനുവദിക്കില്ല).
4. അനുവദനീയമായ അളവിൽ കൂടുതൽ ഭൂഗർഭ ജലം എടുക്കരുത്.
5. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. മാലിന്യം എസ്റ്റേറ്റിലേക്ക് എത്തുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
6. വാണിജ്യ മാനദണ്ഢങ്ങൾ പ്രകാരം വ്യവസായത്തിനായുള്ള ഭൂമിയും അടിസ്ഥാന സൗകര്യവും ഉറപ്പു വരുത്തണം. ഭൂമി അനുവദിക്കുന്നത് ഡെവലപ്പറുടെ വിവേചനാധികാരമായിരിക്കും.
7. ഒരു യൂണിറ്റ് സ്ഥലം അനുവദിക്കുന്ന സമയത്ത് വാണിജ്യ നിബന്ധനകളെ മുൻക്കൂട്ടി പ്രഖ്യാപിക്കണം.
8. അലോട്ട്മെന്റിന് ശേഷം അലോട്ട്മെന്റ് ലഭിച്ചവരുടെ പോരായ്മകൾക്കനുസരിച്ച് നിബന്ധനകൾ വ്യത്യാസപ്പെടരുത്.
9. ഡെവലപ്പറുടെ നിയമാവലി സർക്കാർ അനുമതിയോടെ മാറ്റം വരുത്താം. പുതിയ വ്യവസായം തുടങ്ങുന്നതിന് മതിയായ സാമ്പത്തിക ശേഷിയുണ്ടെന്ന് ബോധ്യമായതിനു ശേഷം മാത്രമെ മാറ്റം വരുത്താൻ സാധിക്കുകയുള്ളു.

### അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾ

വാഹന ഷോറുമുകൾ, ഷോപ്പിങ്ങ് കോംപ്ലക്സുകൾ, മാളുകൾ, ഔട്ട്ലെറ്റുകൾ, റീട്ടെയിൽ ഷോപ്പുകൾ എന്നിവ സ്ഥാപിക്കാനാവില്ല.








# ജി.എസ്.റ്റി.യിലെ ഇ–വേ ബിൽ ഒരു വിവരണവും ചോദ്യോത്തരങ്ങളും

## ഇ–വേ–ബിൽ പിഴയീടാക്കാനുള്ള കുറുക്കു വഴികളായി മാറുമ്പോൾ

ലേഖകൻ: അഡ്വ. കെ.എസ്. ഹരിഹരൻ

**ചോദ്യം 4**

### ആരൊക്കെയാണ് ഇ–വേ ബിൽ ജനറേറ്റ് ചെയ്യേണ്ടത്?

**ഉത്തരം:**

റോഡ്, റെയിൽ, കപ്പൽ, വായു എന്നിങ്ങനെ നാല് ഗതാഗത മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിലൂടെ ചരക്ക് നീക്കുമ്പോൾ ഇ–വേ ബിൽ പോർട്ടലിൽ നിന്ന് ഇ–വേ ബിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. സ്വന്തം വാഹനത്തിലോ അല്ലെങ്കിൽ വാടകയ്ക്കെടുത്ത വാഹനത്തിലോ ചരക്ക് കൈമാറ്റം ചെയ്യുമ്പോൾ, ചരക്ക് വിൽക്കുന്ന വ്യക്തിക്കോ അല്ലെങ്കിൽ ചരക്ക് വാങ്ങിക്കുന്ന വ്യക്തിക്കോ ഇ–വേ ബിൽ ജനറേറ്റ് ചെയ്യാവുന്നതാണ്.

റോഡിലൂടെയാണ് ചരക്ക് വിതരണം കൈമാറ്റം ചെയ്യുന്നതെങ്കിൽ, ട്രാൻസ്പോർട്ടർ ഇ–വേ ബിൽ ജനറേറ്റ് ചെയ്യണം. അതായത് ഇ–വേ ബില്ലില്ലുള്ള പാർട്ട് ബി വിശദാംശങ്ങൾ ട്രാൻസ്പോർട്ടർ പൂരിപ്പിക്കും. ജി.എസ്. റ്റി. രജിസ്ട്രേഷൻ എടുത്ത വ്യക്തി മാത്രം പൂരിപ്പിക്കേണ്ട ഭാഗമാണ് പാർട്ട് എ. എന്നിരുന്നാലും കയറ്റുമതി ചെയ്യുന്നയാളിൽ നിന്നോ ചരക്ക് സ്വീകരിക്കുന്നയാളിൽ നിന്നോ അംഗീകാരം നേടിയതിന് ശേഷം ട്രാൻസ്പോർട്ടർക്ക് പാർട്ട് എ. അപ്‌ലോഡ് ചെയ്യാൻ സാധിക്കും.

സാധനങ്ങളുടെ മൂല്യം 50,000 രൂപയിൽ കൂടുതലാവുകയും ചരക്ക് കൈമാറ്റം ചെയ്യുന്നയാളോ ചരക്ക് വാങ്ങുന്നയാളോ ഇ–വേ ബിൽ ജനറേറ്റ് ചെയ്തിട്ടില്ലെങ്കിൽ ട്രാൻസ്പോർട്ടർ ജനറേറ്റ് ചെയ്യേണ്ടതാണ്.

ഒരു ജോബ് വർക്കിന് വേണ്ടി പ്രിൻസിപ്പൽ മറ്റൊരു സംസ്ഥാനത്തിലുള്ള ജോബ് വർക്കർക്ക് ചരക്ക് കൈമാറ്റം ചെയ്താൽ, ചരക്കിന്റെ മൂല്യം എത്രതന്നെയായാലും ഇ–വേ ബിൽ നിർബന്ധമായും എടുക്കേണ്ടതാണ്.

കരകൗശല വസ്തുക്കളുടെ കാര്യത്തിൽ, ഒരു സംസ്ഥാനത്തിൽ നിന്ന് മറ്റൊരു സംസ്ഥാനത്തേക്ക് കൊണ്ട് പോകുമ്പോൾ, ചരക്കിന്റെ മൂല്യം പരിഗണിക്കാതെ ചരക്ക് കൈമാറ്റം ചെയ്യുന്ന വ്യക്തി അഥവാ ചരക്ക് സ്വീകരിക്കുന്ന വ്യക്തി നിർബന്ധമായി ഇ–വേ ബിൽ ജനറേറ്റ് ചെയ്യേണ്ടത് ആവശ്യമാണ്.

കേരളത്തിന് മാത്രമായി കേരള ജി.എസ്.റ്റി ഡിപ്പാർട്ട്മെന്റ് ഇ–വേ ബിൽ എടുക്കേണ്ടതിൽ ചില ഇളവുകൾ കൊണ്ടു വന്നിട്ടുണ്ട്. അത് കേരളത്തിനകത്തുള്ള ഇടപാടുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

**ചോദ്യം 5**

### ഇ–വേ ബില്ലിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ തെറ്റുകൾ പരിഹരിക്കാൻ എന്താണ് ചെയ്യേണ്ടത്?

**ഉത്തരം:**

ഇ–വേ ബില്ലിൽ എന്തെങ്കിലും കാര്യങ്ങൾ തെറ്റായി രേഖപ്പെടുത്തി ഇ–വേ ബിൽ ജനറേറ്റ് ചെയ്തു പോയിട്ടുണ്ടെങ്കിൽ ആ തെറ്റുകൾ തിരുത്താൻ കഴിയില്ല. പക്ഷെ തെറ്റായി രേഖപ്പെടുത്തിയ ഇ–വേ ബിൽ റദ്ദാക്കി കൃത്യമായി രേഖപ്പെടുത്തിയ പുതിയ ഇ–വേ ബിൽ ജി.എസ്.റ്റി രജിസ്റ്റേർഡ് ആയ വ്യക്തിക്ക് ജനറേറ്റ് ചെയ്യാൻ സാധിക്കും. ഇ– വേ ബിൽ എടുത്ത് 24 മണിക്കൂറിനുള്ളിൽ ഇ– വേ ബിൽ റദ്ദാക്കാൻ സാധിക്കും. (അതിനുള്ളിൽ പരിശോധന കളൊന്നും ഓഫീസർമാരുടെ ഭാഗത്തു നിന്നും വന്നിട്ടില്ല എന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്).

**ചോദ്യം 6**

### ഇ–വേ ബിൽ എടുത്താൽ എത്ര സമയം വരെ എടുത്ത ഇ–വേ ബില്ലിന് സാധുത ഉണ്ട്?

**ഉത്തരം:**

ചരക്ക് കൊണ്ടു പോകേണ്ട ദൂരത്തെ ആശ്രയിച്ചിരിക്കും സാധുത. സാധാരണ വാഹനങ്ങളുടെ കാര്യത്തിൽ, ഓരോ 200 കിലോമീറ്ററിനും ഇ–വേ ബില്ലിന് ഒരു ദിവസത്തെ സാധുത നൽകിയിട്ടുണ്ട്. ഓവർ കാർഗോഡൈമൻഷണൽ വാഹനത്തിന്റെ കാര്യത്തിൽ ഓരോ 20. കി. മീ. അല്ലെങ്കിൽ ആ വാഹനം വഴി ചരക്ക് കൊണ്ടു പോയ ഭാഗത്തിന് ഒരു ദിവസത്തെ സാധുത നൽകുന്നു.

**ചോദ്യം 7**

## ഇ–വേ ബിൽ ഒരു സെൻട്രൽ നിയമമാണെന്നിരിക്കെ, കേരള സംസ്ഥാനത്തിന് പ്രത്യേകമായ ഇളവുകളുണ്ടോ?

**ഉത്തരം:**

ഉണ്ട്. കേരള സംസ്ഥാന നികുതി കമ്മീഷണർ പുറപ്പെടുവിച്ച 14.05.2018 ലെ വിജ്ഞാപനം നമ്പർ 3/2018 വഴി, കേരള സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന ചില ചരക്ക് നീക്കങ്ങൾക്ക് ഇ–വേ ബില്ലിന്റെ ജനറേഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

അത് ഏതൊക്കെ സാഹചര്യങ്ങളിലാണെന്ന് നമുക്ക് പരിശോധിക്കാം:

**I സെയിൽസ് വാൻ ഉപയോഗിച്ച് ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ**

എത്ര തന്നെ മൂല്യം വരുന്ന സാധനങ്ങൾ ആയാൽപ്പോലും ഇത്തരത്തിൽ ചരക്ക് കൈമാറ്റം ചെയ്യുമ്പോൾ ഇ–വേ ബിൽ നിർബന്ധമായി എടുക്കേണ്ടതില്ല. പക്ഷെ ഇത്തരത്തിലുള്ള ഒഴിവാക്കലിന് താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

1. ജി.എസ്.റ്റി രജിസ്ട്രേഷൻ എടുത്ത വ്യക്തിയിൽ നിന്നായിരിക്കണം സെയിൽസ് വാൻ ഉപയോഗിച്ചു കൊണ്ടുള്ള ചരക്ക് നീക്കം നടത്തേണ്ടത്.
2. ചട്ടം 56 (18) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രേഖകൾ സെയിൽസ് വാനിൽ കൊണ്ടു പോകേണ്ടതുണ്ട്.

**II റബ്ബർ ലാറ്റെക്സ്, റബ്ബർ ഷീറ്റ്, റബ്ബർ സ്ക്രാപ്പ്, സ്പൈസസ് തുടങ്ങിയ ചരക്കുകളുടെ കൈമാറ്റം നടത്തുമ്പോൾ**

മുകളിൽ പറഞ്ഞിരിക്കുന്ന ചരക്കുകൾ കൈമാറ്റം ചെയ്യേണ്ടത് കേരളത്തിനകത്തു തന്നെയായിരിക്കണം. ഒരു കർഷകന്റെ കൃഷി നടത്തുന്ന പരിസരങ്ങളിൽ നിന്നും ഒരു ജി.എസ്.റ്റി. രജിസ്റ്റേർഡ് വ്യക്തിയുടെ ബിസിനസ് സ്ഥാപന പരിസരത്തിലേക്കായിരിക്കണം ഈ ചരക്കുകൾ കൈമാറ്റം ചെയ്യേണ്ടത്. ആരാണോ ചരക്ക് നീക്കത്തിന് നേതൃത്വം കൊടുക്കുന്ന വ്യക്തി, ആ വ്യക്തി താഴെ പറയുന്ന രേഖകൾ ചരക്ക് കൊണ്ടു പോകുന്ന വാഹനത്തിൽ സൂക്ഷിക്കേണ്ടതുണ്ട്.

കേരള എസ്.ജി.എസ്.റ്റി. ചട്ടങ്ങളിലെ ചട്ടം 55 പ്രകാരമുള്ള ഡെലിവറി ചെലാൻ കൈവശം വയ്ക്കുകയോ, അല്ലെങ്കിൽ കേരള എസ്.ജി.എസ്.റ്റി വകുപ്പിലെ 31 (3) (f) എന്ന വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് രേഖയോ കൈവശം വയ്ക്കേണ്ടതാണ്.

**III 25 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ ഒരു ജി. എസ്. റ്റി രജിസ്റ്റേർഡ് ആയ വ്യക്തിയോ സ്ഥാപനമോ തന്റെ ബിസിനസ് സ്ഥാപന പരിസരത്തു നിന്നും ചരക്ക് കൈമാറ്റം ചെയ്യുമ്പോൾ**

ചരക്കിന്റെ മൂല്യം എത്ര തന്നെ ആയാൽപ്പോലും മേൽ പറഞ്ഞ ദൂരപരിധിക്കുള്ളിൽ ആണെങ്കിൽ ബി. 2 സി. വിതരണത്തിന് ഇ–വേ ബിൽ എടുക്കണമെന്ന് നിർബന്ധമില്ല. പക്ഷെ അതിന് രണ്ട് കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്.

1. ജി.എസ്.റ്റി. രജിസ്ട്രേഷനുള്ള സ്ഥാപനത്തിൽ നിന്നും ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു കൺസ്യൂമർക്ക് ബി 2 സി സപ്ലൈ (ഫൈനൽ കോൺസ്യുമർക്ക്) ആയിരിക്കണം ചരക്ക് കൈമാറ്റം ചെയ്യേണ്ടത്.
2. ചരക്ക് കൈമാറ്റത്തിനായി ഏതെങ്കിലും വാഹനത്തിൽ ചരക്ക് കൊണ്ടു പോകുമ്പോൾ കേരള ജി.എസ്.റ്റി. നിയമത്തിലെ 31 –ാം വകുപ്പ് പ്രകാരം ഇൻവോയ്സ് രേഖ നിർബന്ധമായും സൂക്ഷിക്കേണ്ടതുണ്ട്. (ബി 2 സി സപ്ലൈ).

**ചോദ്യം 8**

## ഏതെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ തന്റെതല്ലാത്ത കാരണത്താൽ ഇ–വേ ബിൽ എടുത്തപ്പോൾ തെറ്റുകൾ സംഭവിക്കുകയും, വഴിയിൽ വെച്ച് ജി. എസ്. റ്റി ഉദ്യോഗസ്ഥർ വണ്ടി തടയുന്ന സാഹചര്യം ഉണ്ടായാൽ, ഇ–വേ ബില്ലില്ലുണ്ടായ തെറ്റ് തിരുത്താൻ വേണ്ടി പിഴ അടയ്ക്കേണ്ടത് നിർബന്ധമാണോ?

**ഉത്തരം:**

അത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെയും മറുപടി നല്കുന്ന വ്യാപാരികളെയും ആശ്രയിച്ചിരിക്കും പരമാവധി രേഖകൾ സംഘടിപ്പിച്ചു സാഹചര്യങ്ങൾ വ്യക്തമാക്കുകയും ജി.എസ്.റ്റി ഉദ്യോഗസ്ഥർ നോട്ടീസുകൾ തന്നാൽ അതിനു കൃത്യമായി മറുപടി കൊടുക്കുക എന്നുള്ളതുമാണ് ഇത്തരം സന്ദർഭങ്ങളിൽ ചെയ്യാൻ സാധിക്കുന്നത്.

ഇ–വേ ബില്ലുമായി ബന്ധപ്പെട്ട ചെറിയ തെറ്റുകൾ വാഹന പരിശോധനയ്ക്കിടയിൽ കണ്ടെത്തിക്കഴിഞ്ഞാൽ, ജി.എസ്. റ്റി. ഉദ്യോഗസ്ഥരെക്കണ്ട് സത്യസന്ധമായി കാര്യങ്ങൾ കൃത്യമായി ബോദ്ധ്യപ്പെടുത്തി അവിടെ തന്നെ തീർപ്പാക്കാൻ സാധിക്കുമെങ്കിൽ വ്യാപാരികൾക്കും കച്ചവട സമൂഹത്തിനും അത് വലിയൊരു ആശ്വാസമാകും എന്ന് ഈ ലേഖകൻ വിശ്വസിക്കുന്നു. സാങ്കേതികത്വത്തിന്റെ പേരിൽ കടിച്ചു തൂങ്ങാതെ ഉത്തമ ബോദ്ധ്യത്തിൽ വിട്ടു വീഴ്ച മനോഭാവത്തോടെ ഇളവ് ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്ന മേലുദ്യോഗസ്ഥന്മാരുടെ ചിന്താഗതി ഇത്തരം കാര്യങ്ങൾക്കുണ്ടായേ പറ്റു. നല്ല ഉദ്യോഗസ്ഥന്മാരെ ആദരിക്കുന്ന, നല്ല കച്ചവടക്കാരെ സംരക്ഷിക്കുന്ന ഒരു സാമൂഹിക മാറ്റം ലേഖകൻ പ്രത്യാശിക്കുന്നു.

# ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ റബ്ബർ പ്രൊഡക്ട്സ് ഇൻകുബേഷൻ സെന്റർ



ലേഖകൻ : പ്രസാദ് പി., ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ്) ഇൻ– ചാർജ്, റബ്ബർബോർഡ്

ഇന്ത്യയിൽ അഭ്യസ്തവിദ്യരായ ധാരാളം ആളുകൾ സ്വയം തൊഴിൽ എന്നനിലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവരാണ്. കേന്ദ്രസർക്കാർ ആത്മനിർഭർ ഭാരത് പദ്ധതിയിലൂടെ സംരംഭകത്വ ശ്രമങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, ഉത്പന്നം എന്തായിരിക്കണമെന്നും പുതിയ ഒരു ആശയമുണ്ടെങ്കിൽ അത് എങ്ങനെ യാഥാർത്ഥ്യമാക്കാമെന്നുമുള്ളതിനെക്കുറിച്ച് പലർക്കും വ്യക്തമായ ധാരണയില്ല. മാത്രമല്ല, ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിൽ വിജയിച്ചാലും ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ച് പലപ്പോഴും നവീകരണങ്ങൾ വേണ്ടി വന്നേക്കാം. ഒരു ചെറുകിട വ്യവസായസംരംഭകനെ സംബന്ധിച്ചിടത്തോളം അതിനാവശ്യമായ സാങ്കേതികജ്ഞാനമോ അടിസ്ഥാന സൗകര്യങ്ങളോ ഉണ്ടായിരിക്കണമെന്നുമില്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞാൽ മാത്രമേ ചെറുകിട വ്യവസായമേഖലയുടെ വളർച്ച യാഥാർത്ഥ്യമാക്കാൻ കഴിയൂ.

### റബ്ബർമേഖലയിലെ സാധ്യതകൾ

ഇന്ത്യയിൽ ടയറിതര ഉത്പന്നമേഖലയിൽ അനന്തസാധ്യതകളാണ് ഉള്ളത്. എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്) മേഖലയിൽ തന്നെ നാലായിരത്തിലധികം റബ്ബർ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെടാത്ത യൂണിറ്റുകൾ അതിലേറെയും. കയറ്റുമതിയിലൂടെ വലിയ തോതിൽ വിദേശനാണ്യം നേടിത്തരുന്ന ഈ മേഖല ഒട്ടേറെ പേർക്ക് തൊഴിലും നൽകുന്നുണ്ട്. എന്നാൽ, അസംഘടിതമായ ഈ മേഖലയിൽ ഗവേഷണ–വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വളരെ കുറവാണ്. ഉത്പന്നങ്ങളുടെ ഗുണമേന്മ, നവീകരണം, വൈവിധ്യവത്കരണം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇത്തരം പോരായ്മകൾ വിഘാതമാകുന്നുണ്ട്. ഇതിനെല്ലാമുള്ള പരിഹാരമെന്നനിലയിലാണ് റബ്ബർബോർഡ് ഒരു റബ്ബർ പ്രോഡക്ട്സ് ഇൻകുബേഷൻ സെന്റർ (ആർ.പി.ഐ.സി.) ആരംഭിച്ചിരിക്കുന്നത്.

### റബ്ബർ പ്രോഡക്ട്സ് ഇൻകുബേഷൻ സെന്റർ

റബ്ബറുത്പന്നനിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു പുതിയ ആശയവുമായി വരുന്ന ഏതൊരാൾക്കും അത് വികസിപ്പിച്ചെടുത്ത് ഗുണമേന്മ ഉറപ്പാക്കി വ്യാവസായികമായി ഉത്പാദിപ്പിക്കാനാവശ്യമായ എല്ലാ സാങ്കേതികസഹായങ്ങളും ഗവേഷണസൗകര്യങ്ങളും നൽകി വിപണനത്തിന് സജ്ജമാക്കുക എന്നതാണ് റബ്ബർ പ്രോഡക്ട്സ് ഇൻകുബേഷൻ സെന്റർ ലക്ഷ്യമിടുന്നത്. ഉത്പന്നത്തിന്റെ വികസനത്തിന്റെ ഓരോ ഘട്ടത്തിലും വിദഗ്ധരുടെ മേൽനോട്ടം ഉണ്ടായിരിക്കും. ഒരു പുതിയ ആശയവുമായി ആർ.പി.ഐ.സി.–യിൽ എത്തിയാൽ ആദ്യം അതിന്റെ സാധ്യതകൾ വിലയിരുത്തിയശേഷമായിരിക്കും പ്രൊജക്ട് രജിസ്റ്റർ ചെയ്യുക. ഗവേഷണങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് താൽക്കാലികമായ ഓഫീസ് സൗകര്യത്തോടൊപ്പം ആർ.പി.ഐ.സി.–യിലെ ലോകോത്തരനിലവാരമുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള അനുവാദവും നൽകും. ആശയത്തിന്റെ രഹസ്യസ്വഭാവം ഉത്പന്നം വിപണിയിലെത്തിക്കുന്നതുവരെ കാത്തുസൂക്ഷിക്കുന്നതായിരിക്കും. അതിനുള്ള മുൻകരുതലുകൾ ആർ.പി.ഐ.സി. തന്നെ എടുക്കുന്നതാണ്. പതിനായിരത്തിലധികം ചതുരശ്ര അടി വിസ്തൃതിയിൽ തയ്യാറാക്കിയിട്ടുള്ള ഈ സെന്ററിൽ ഉത്പന്നങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കാവശ്യമായി എല്ലാ ആധുനിക ഉപകരണങ്ങളും ഒരുക്കിയിട്ടുണ്ട്. സാങ്കേതികവിദഗ്ധരുടെ മേൽനോട്ടം എപ്പോഴും ഉണ്ടായിരിക്കുമെന്നത് ഗവേഷണങ്ങളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നു.

### ആർ.പി.ഐ.സി.യുടെ പ്രയോജനം ആർക്കെല്ലാം

പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ളവർക്ക് ആർ.പി.ഐ.സി.യിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. പുതുതായി സംരംഭങ്ങൾ തുടങ്ങുന്നവർക്ക് മാത്രമല്ല, നിലവിൽ ഏതെങ്കിലും ഉത്പന്നം നിർമ്മിച്ചുകൊണ്ടിരിക്കുന്നവർക്ക് അതിന്റെ നവീകരണ



ത്തിനായും ആർ.പി.ഐ.സി.–യെ സമീപിക്കാം. അതു കൂടാതെ വിദ്യാർത്ഥികൾ, ഗവേഷകർ, അദ്ധ്യാപകർ തുടങ്ങി ഗവേഷണ താൽപര്യമുള്ള ആർക്കും ബോർഡിന്റെ ഈ സൗകര്യം പ്രയോജനപ്പെടുത്താം.

### എം. എസ്. എം. ഇ. യൂണിറ്റുകൾ

ടയറിതര ഉത്പന്നങ്ങൾ പ്രധാനമായും നിർമ്മിക്കപ്പെടുന്നത് എം.എസ്.എം.ഇ. മേഖലയിലാണ്. പൊതുവിൽ മുടക്കുമുതൽ കുറവായതിനാൽ ചെറുകിടസംരംഭകർക്ക് എളുപ്പത്തിൽ തുടങ്ങാൻ കഴിയും. ഉത്പന്നങ്ങളുടെ കാര്യത്തിലും വൈവിധ്യം ഏറെയുണ്ട്. എന്നിരിക്കിലും പുതിയ ഒരു ഉത്പന്നം വികസിപ്പിച്ചെടുക്കുകയോ പഴയവയിൽ മാറ്റങ്ങൾ വരുത്തുകയോ ചെയ്യണമെങ്കിൽ ഒട്ടേറെ ഗവേഷണ നിരീക്ഷണങ്ങൾ വേണ്ടിവരികയും ചെയ്യും. അവിടെയാണ് ആർ.പി.ഐ.സി.യുടെ പ്രസക്തി തിരിച്ചറിയേണ്ടത്. കുറഞ്ഞ ചെലവിൽ ആഗോളനിലവാരമുള്ള പരിശോധനാശാലകളിൽ വിദഗ്ധരുടെ സഹായത്തോടെ തങ്ങളുടെ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിയുന്നതിലൂടെ ചെറുകിടക്കാരായ നിർമ്മാതാക്കൾക്ക് ലോകകമ്പോളത്തിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ എത്തിക്കാനും മത്സരക്ഷമത നേടാനും കഴിയും. ആഭ്യന്തര റബ്ബർ വിപണിക്ക് അത് കരുത്ത് പകരും. കയറ്റുമതിസാധ്യതകൾ വർധിക്കുകയും വിദേശനാണ്യം നേടിത്തരുകയും ചെയ്യും. വലിയ തോതിലുള്ള വ്യവസായ വികസനത്തിന് അത് വഴിയൊരുക്കും.

### അഡ്വാൻസ്ഡ് അനാലിസിസ് ലബോറട്ടറി


യൂറോപ്യൻ കമ്മ്യൂണിറ്റി റെഗുലേഷൻ (റീച്ച്) മാനദണ്ഡങ്ങൾക്കനുസരിച്ച് റബ്ബറുത്പന്നങ്ങളുടെ പരിശോധന നടത്തുന്നതിന് റബ്ബർബോർഡ് ആരംഭിച്ച അത്യാധുനിക സൗകര്യങ്ങളുള്ള പരീക്ഷണശാലയാണ് അഡ്വാൻസ്ഡ് അനാലിസിസ് ലബോറട്ടറി. മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമായ വസ്തുക്കളുടെ സാന്നിദ്ധ്യം സംബന്ധിച്ച മാനദണ്ഡങ്ങളും പരിധികളും വിദേശരാജ്യങ്ങൾ നിരന്തരമായി പരിഷ്ക്കരിച്ചുകൊണ്ടാണിരിക്കുന്നത്. യൂറോപ്യൻ യൂണിയന്റെ റീച്ച് നിബന്ധനകൾക്കനുസരിച്ചുള്ള ഉത്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാൻ കഴിയൂ. രാസവസ്തുക്കളുടെ രജിസ്ട്രേഷൻ, മൂല്യനിർണ്ണയം, അംഗീകാരം, നിയന്ത്രണം എന്നിവ കൈകാര്യം ചെയ്യുന്നത് റീച്ച് എന്ന യൂറോപ്യൻ കമ്മ്യൂണിറ്റി റെഗുലേഷനാണ്. ഇന്ത്യയിൽ നിന്നുള്ള റബ്ബറുത്പന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാരാണ് യൂറോപ്യൻ യൂണിയൻ. റബ്ബറുത്പന്നങ്ങളിൽ ഉപയാഗിക്കുന്ന രാസവസ്തുക്കളായ പ്ലാസ്റ്റിസൈസറുകൾ, എക്സ്റ്റെൻഡറുകൾ, ആക്സിലറേറ്ററുകൾ, ക്രോസ് ലിങ്കിങ് ഏജന്റുകൾ, റെസിനുകൾ, ആന്റി ഓക്സിഡന്റുകൾ, കളറിങ് ഏജന്റുകൾ, റീക്ലെയിംഡ് റബ്ബർ തുടങ്ങിയവയെല്ലാം റീച്ച് നിയന്ത്രണങ്ങളുടെ പരിധിയിൽ വരുന്നവയാണ്. അതുപോലെ പോളിസൈക്കിളിക് ആരോമാറ്റിക്കുകൾ, വളരെയധികം ജാഗ്രത പുലർത്തേണ്ട മറ്റു ചില വസ്തുക്കൾ തുടങ്ങിയവയൊക്കെ വളരെ ചെറിയ അളവിൽ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. വളരെയധികം സൂക്ഷ്മ സംവേദനശക്തിയുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് വിദഗ്ധരായവർക്ക് മാത്രമേ റീച്ച് സർട്ടിഫിക്കേഷൻ നൽകാൻ കഴിയൂ. അതിനുള്ള സൗകര്യം റബ്ബർ ബോർഡിൽ ഉണ്ട് എന്നത് ചെറുകിട റബ്ബറുത്പന്ന നിർമ്മാതാക്കളെ സംബന്ധിച്ച് വലിയൊരു അനുഗ്രഹമാണ്.




### പ്രൊജക്റ്റുകൾ

ഗുണമേന്മയുള്ളതും ചെലവ് കുറഞ്ഞതുമായ കൈയ്യുറകൾ, റബ്ബർ ടൈൽസ്, അപകടസാധ്യത കൂടിയ രാസവസ്തുക്കൾ സൂക്ഷിക്കുന്ന ടാങ്കുകൾ ആവരണം ചെയ്യുന്നതിനുള്ള വസ്തുക്കൾ ഉറപ്പിക്കുന്നതിനുള്ള റബ്ബർ റ്റു മെറ്റൽ ബോണ്ടിങ്ങ്, ഹൈ വോൾട്ടേജ് റെസിസ്റ്റന്റ് റബ്ബർമാറ്റ്, പ്രമേഹരോഗികൾക്കും മറ്റുമുള്ള മാർദ്ദവമേറിയ പാദരക്ഷകൾ, ഗുണമേന്മ കൂടിയ ബ്ലോക്കു റബ്ബർ, മോഡിഫൈഡ് റബ്ബർ തുടങ്ങിയ ആർ.പി.ഐ.സി. ഏറ്റെടുത്ത് ചെയ്തുകൊടുത്ത ഏതാനും ചില പ്രൊജക്റ്റുകളാണ്. എം.എസ്.എം.ഇ.മേഖലയിലുള്ളവർ ആർ.പി.ഐ.സി.യിലെയും റീച്ച്ലബോറട്ടറിയിലെയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാൽ അവരുടെ ഉത്പന്നങ്ങളെ അന്താരാഷ്ട്രനിലവാരത്തിൽ തയ്യാറാക്കാനും വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനും കഴിയും. നമ്മുടെ രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധന യാഥാർത്ഥ്യമാകുകയും ചെയ്യും.

റബ്ബർ പ്രോഡക്ട്സ് ഇൻകുബേഷൻ സെന്റർ, അഡ്വാൻസ്ഡ് അനാലിസിസ് ലബോറട്ടറി എന്നിവയെക്കുറിച്ച് കൂടുതൽ അറിയാൻ റബ്ബർബോർഡിന്റെ പുതുപ്പള്ളിയിലുള്ള റബ്ബർ ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.



# പി.എം.ഇ.ജി.പി: പുതു സംരംഭകർക്ക് മികച്ച വായ്പ പദ്ധതി



ലേഖകൻ : ടി.എസ്. ചന്ദ്രൻ, മുൻ ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന വ്യവസായ വകുപ്പ്

**ഏ**തു വിഭാഗം സംരംഭകർക്കും ആശ്രയിക്കാവുന്ന മികച്ച ഒരു വായ്പ പദ്ധതിയാണ് പ്രധാന മന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി അഥവാ പി.എം.ഇ.ജി.പി. ഇത്രയധികം സബ്സിഡി ആനുകൂല്യങ്ങളും കൈതാങ്ങ് സഹായവും നല്കുന്ന മറ്റൊരു പദ്ധതിയും ഇന്ന് ഇന്ത്യയിൽ ഇല്ലെന്ന് പറയാം. 2008 മുതൽ കേന്ദ്ര സർക്കാർ നടപ്പാക്കി വന്നിരുന്ന ഒരു പ്രധാനപ്പെട്ട വായ്പാ പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം തുടങ്ങിയ സംരംഭങ്ങളിൽ ബഹു ഭൂരിപക്ഷവും മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. പദ്ധതിയിൽ ചില മാറ്റങ്ങൾ വരുതിയിരിക്കുകയാണ് സെൻട്രൽ സർക്കാർ. 2022 മെയ് 13 ന് ഇത് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

## പുതു സംരംഭകർക്ക് പരിധി ഇല്ലാതെ വായ്പ

പുതു സംരംഭകർക്ക് നിർമ്മാണ സേവന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പരിധിയില്ലാതെ വായ്പ നല്കുവാനാണ്. പുതിയ ഭേദഗതി. വായ്പയ്ക്ക് മാത്രമാണ് പരിധി ഇല്ലാത്തത്. എന്നാൽ നിർമ്മാണ സ്ഥാപനങ്ങൾക്ക് 50 ലക്ഷം രൂപ വരെയും സേവന സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപ വരെയും ഉള്ള പദ്ധതികൾക്കു മാത്രമേ സബ്സിഡി ലഭിക്കുകയുള്ളു എന്നുള്ളതാണ് പ്രത്യേകത.

## സബ്സിഡി തുകയ്ക്കും വായ്പാ തുകയ്ക്കും ഒരേ പലിശ നിരക്ക്

സബ്സിഡിയുടെ നിരക്ക് എന്നു പറയുന്നത് ഗ്രാമ പ്രദേശത്ത് പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സംരംഭകർക്ക് 35 ശതമാനവും പട്ടണ പ്രദേശത്താണെങ്കിൽ 25 ശതമാനവുമാണ് ലഭിക്കുക. പൊതു വിഭാഗത്തിന് പഞ്ചായത്ത് പ്രദേശത്ത് 25 ശതമാനവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 15 ശതമാനവും ആയിരിക്കും സബ്സിഡി. പ്രത്യേക വിഭാഗങ്ങൾ എന്നാൽ സ്ത്രീകൾ, എസ്.സി.എസ്.ടി. വിഭാഗക്കാർ, ഒ.ബി.സി. മത ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ എന്നിവരാണ് മാർജിൻ മണി ഗ്രാന്റ് എന്നാണ് സബ്സിഡി തുകയ്ക്ക് പറയുന്നത്. ഇത് ലഭിച്ചു കഴിഞ്ഞാൽ മൂന്ന് വർഷത്തേയ്ക്ക് ബാങ്കിൽ തന്നെ എഫ്.ഡി. ആയി സൂക്ഷിക്കുകയും അതിനു ശേഷം പ്രവർത്തനം വിലയിരുത്തി വായ്പ കണക്കിലേക്ക് വരവ് വെച്ച് നല്കുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന സബ്സിഡി തുകയ്ക്കും വായ്പ തുകയ്ക്കും ഒരേ പലിശ നിരക്കായിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

## ഉയർന്ന പ്രായപരിധിയില്ല

18 വയസ്സ് പൂർത്തിയായാൽ മതി, ഉയർന്ന പ്രായപരിധി ബാധകമല്ല. 10 ലക്ഷത്തിനു മുകളിൽ വരുന്ന നിർമ്മാണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിന് മുകളിൽ വരുന്ന സേവന സ്ഥാപനങ്ങൾക്കും എട്ടാം ക്ലാസ് പാസായിരിക്കണം എന്നാണ് വ്യവസ്ഥ. പങ്കാളിത്ത സ്ഥാപനങ്ങൾ ലിമിറ്റഡ് കമ്പനികൾ എന്നിവയ്ക്ക് വായ്പ ലഭിക്കില്ല. നേരിട്ടുള്ള കൃഷി ഫാമുകൾ വാഹനങ്ങൾ, പുകയില, മദ്യം മാംസം, ടെസ്റ്റിങ്ങ് ലാബുകൾ, പരിശീലന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജിംനേഷ്യം, വ്യാപാര സ്ഥാപനങ്ങൾ, തുടങ്ങിയ ഏതാനും മേഖലകൾക്കും വായ്പ ലഭിക്കില്ല. ഇവ ഒഴികെയുള്ള എല്ലാത്തരം സംരംഭ പ്രവർത്തികൾക്കും വായ്പ ലഭിക്കുന്നതാണ്.

## പൗൾട്രി ഫാമുകൾക്കും ഫിഷ് ഫാമുകൾക്കും വായ്പ

പുതിയ ഭേദഗതി പ്രകാരം പൗൾട്രി ഫാമുകൾക്കും ഫിഷ് ഫാമുകൾക്കും വായ്പ ലഭിക്കും. അതുപോലെ ട്രാൻസ് പോർട്ടേഷൻ വാഹനങ്ങൾക്കും, വാൻ, ഓട്ടോ ടാക്സികൾക്കും വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഹോട്ടലുകൾക്കും പശുവിനെ വളർത്തി പാൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഫാമുകൾക്കും വായ്പ ലഭിക്കും. എരുമ, ആട്, ഒട്ടകം, കുതിര, കഴുത എന്നിവയുടെ ഫാമുകൾക്കും ഇതേ രീതിയിൽ വായ്പ ലഭിക്കും. ചിക്കൻ, ടർക്കി, താറാവ്, തേനീച്ച വളർത്തൽ എന്നീ








സംരംഭങ്ങൾക്കും വായ്പ ലഭിക്കും, കച്ചവടത്തിന് വ്യവസ്ഥകളോടെ വായ്പ ലഭിക്കും. ഖാദി പി.എം.ഇ.ജി.പി. യുണിറ്റുകളുടെ നിർമ്മാണ – സേവന സ്ഥാപനങ്ങളുടെ റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആണെങ്കിൽ വായ്പയ്ക്ക് പരിഗണിക്കും.

### വനിതകൾക്ക് 30 ശതമാനം സംവരണം

ഈ പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ വനിതകൾക്ക് 30 ശതമാനവും, ഒ.ബി.സി.ക്ക് 27 ശതമാനവും, എസ്.സി. ക്ക് 9.1 ശതമാനവും, എസ്.ടി.ക്ക് 1.45 ശതമാനവും, മതന്യൂനപക്ഷങ്ങൾക്ക് 5 ശതമാനവും, ഭിന്നശേഷിക്കാർക്ക് 3 ശതമാനവും പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

### സംരംഭകത്വ പരിശീലനം (ഇ.ഡി.പി)

രണ്ട് ലക്ഷം രൂപ വരെയുള്ള സ്ഥാപനങ്ങൾക്കാണ് ഇനിമേൽ സംരംഭകത്വ പരിശീലനം നിർബന്ധമില്ല. സ്ഥാപനത്തിന്റെ നിക്ഷേപം 5 ലക്ഷത്തിൽ താഴെ ആണെങ്കിൽ 5 ദിവസത്തെ സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുത്താൽ മതിയാകും. അതിനു മുകളിൽ ആണെങ്കിൽ 10 ദിവസത്തെ പരിശീലനവും നേടിയിരിക്കണം. എന്നാൽ മാത്രമേ സർക്കാർ അനുവദിക്കുന്ന സബ്സിഡിയ്ക്ക് അർഹത ഉണ്ടാവുകയുള്ളു.

### സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തി

വാണിജ്യ ബാങ്കുകൾക്കൊപ്പം സഹകരണ ബാങ്കുകളെ കൂടി ബാങ്കുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരിച്ചടവ് കാലാവധി 3 വർഷം മുതൽ 7 വർഷം വരെ ലഭിക്കുന്നതാണ്. ഒരു ലക്ഷം രൂപയുടെ നിക്ഷേപത്തിന് ഒരാൾക്ക് തൊഴിൽ നല്കണം എന്ന വ്യവസ്ഥ എടുത്തു കളഞ്ഞു, ഇപ്പോൾ 3 ലക്ഷം രൂപ വരെയുള്ള സ്ഥിര നിക്ഷേപത്തിന് ഒരു തൊഴിൽ നല്കിയാൽ മതിയാകും. ഗ്രാമ, നഗര വ്യത്യാസം ഇല്ലാതെ അപേക്ഷകൾ സ്വീകരിക്കുന്നതിന് എല്ലാ നിർവ്വഹണ സ്ഥാപനങ്ങൾക്കും അധികാരം നല്കി. ഖാദി ബോർഡ്, ഖാദി കമ്മീഷൻ, കയർ ബോർഡ് എന്നീ ഏജൻസികൾക്കും ഇനിമേൽ മുനിസിപ്പൽ പ്രദേശത്തെ അപേക്ഷകൾ കൈകാര്യം ചെയ്യാം. ഇതുവരെ ഈ അധികാരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് മാത്രമായിരുന്നു. കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ പര്യാപ്തമായ രീതിയിലാണ് 2008 മുതൽ നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി പരിഷ്കരിച്ചിരിക്കുന്നത്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, (കെ.വി.ഐ.സി.) ഖാദി ബോർഡ്, (കെ.വി.ഐ.ബി) കയർ ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡി.ഐ.സി.) എന്നീ ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഖാദി കമ്മീഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

### പി.എം.ഇ.ജി.പി. മികച്ച വായ്പ പദ്ധതി

തൊഴിൽ സംരംഭകർക്ക് ഏറെ ആശ്രയിക്കാവുന്ന മികച്ച ഒരു വായ്പാ പദ്ധതിയാണ് പി.എം.ജി.പി. ഇത്രയധികം സൗകര്യങ്ങൾ നല്കുന്ന മറ്റൊരു പദ്ധതിയില്ലെന്ന് പറയാം. ഈ പദ്ധതി പ്രകാരം തുടങ്ങിയ സംരംഭങ്ങളിൽ 80 ശതമാനവും പ്രവർത്തിച്ചു വരുന്നു എന്നതാണ് നേട്ടം. ഈ പദ്ധതി ഫലപ്രദായി നടപ്പിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രകാരം വായ്പ യെടുത്ത് സംരംഭം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് അതിന്റെ വിപുലീകരണത്തിന് ഇപ്പോൾ വായ്പ അനുവദിക്കുന്നുണ്ട്. ഒരു കോടി രൂപ വരെയാണ് ഇങ്ങനെ വായ്പയായി അനുവദിക്കുന്നത്.

നിർമ്മാണ സ്ഥാപനങ്ങൾക്ക് ഒരു കോടി രൂപ വരെയും സേവന സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപ വരെയുമാണ് ഇങ്ങനെ രണ്ടാം വായ്പയായി അനുവദിക്കുന്നത് ഇതിനായി പ്രത്യേകമായിട്ടുള്ള ഒരു ലിങ്കും സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്

www.kviconline.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.







ഇടുക്കി ജില്ല ജനറൽ ബോഡി യോഗത്തിൽ വെച്ച് സംസ്ഥാന ഭാരവാഹികളെ ആദരിച്ചു.

കൊല്ലം ജില്ല വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.എസ്.ഐ.എ. ഹാളിൽ വെച്ച് നടന്ന ഡിജിറ്റൽ, ഓൺലൈൻ മാർക്കറ്റിങ്ങ് സംബന്ധമായ ടെക്നോളജി ക്ലിനിക്ക് 2022-2023 ദ്വിദിന സാങ്കേതിക ശില്പ ശാലയിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു.




# മെത്തകൾ പകുതി വിലയ്ക്ക് !

Marvel Mattress
AN ISO CERTIFIED COMPANY

ഓരോ മെത്തകൾക്കും, ബെഡ്ഷീറ്റും, പില്ലോസും, പില്ലോ കവറുകളും ക്യാഷ് ഡിസ്കൗണ്ടും

FREE !




**കോട്ടയം**

തെക്കേക്കര പൂഞ്ഞാർ Ph: 8129760486
ന്യൂ മാർക്കറ്റ്, മുണ്ടക്കയം Ph: 8075993280
ജീലാനിപ്പടി, ഈരാറ്റുപേട്ട Ph: 9526877144,
മുത്തോലി, പാല Ph: 9061576654
പള്ളം,ചിങ്ങവനം Ph: 6282151977
ചരള, എരുമേലി Ph: 9846400947
20ാം മൈൽ, പൊൻകുന്നം Ph: 9495758468
26ാം മൈൽ കാഞ്ഞിരപ്പിള്ളി Ph: 8921566130
വൈക്കം റോഡ്, കുറവിലങ്ങാട് Ph: 8075606838
വാഴൂർ റോഡ്, കറുകച്ചാൽ Ph: 9747055570
ഏറ്റുമാനൂർ Ph: 9497886020
വൈക്കം Ph: 7025554194
കുമരകം Ph: 8891692944
വെള്ളൂർ Ph: 8078021367

**ഇടുക്കി**

മൂപ്പിൽക്കടവ് പാലം, തൊടുപുഴ Ph: 9497561168
വെള്ളക്കയം, ചെറുതോണി Ph: 8289941339
ഇടുക്കി റോഡ്, കട്ടപ്പന Ph: 8606296764
കട്ടപ്പന റോഡ്, കുമളി Ph: 7356712313
ചെമ്പകക്കുഴി, നെടുംകണ്ടം Ph: 9562248530
200 ഏക്കർ, അടിമാലി Ph: 7558038509

**പത്തനംതിട്ട**

വലിയ പറമ്പിൽപടി, റാന്നി Ph: 8590986329
മൂശാരികവല, മല്ലപ്പള്ളി Ph: 7560891647
കടപ്ര, മാന്നാർ Ph: 8943234844
കുറ്റപ്പുഴ, തിരുവല്ല Ph: 9656517299
എം.സി റോഡ്, പന്തളം Ph: 8606282580
വാര്യാപുരം, പത്തനംതിട്ട Ph: 9747386358

**ആലപ്പുഴ**

ചേർത്തല Ph: 9207242774

**തൃശൂർ**

വാസുപുരം, കൊടകര Ph: 8606605367
S.H കോളേജ് Jn. ചാലക്കുടി Ph: 7034061223
ഓട്ടുപാറ, ഉത്രാളികാവ് Ph: 9656785432
ആളൂർ ജംഗ്ഷൻ ആളൂർ Ph: 7560815697
ഹൈവേ റോഡ്, പട്ടിക്കാട് Ph: 9946932622
കൊടുങ്ങല്ലൂർ Ph: 7511115754
ഇരിങ്ങാലക്കുട Ph: 9207734234
ചേറ്റുപുഴ Ph: 8086187576
ചാവക്കാട് Ph: 8891668863
ചിയ്യാരം Ph: 9496853487
ചൊവ്വൂർ Ph: 9207481075

**എറണാകുളം**

ചോറ്റാനിക്കര റോഡ്, തിരുവാങ്കുളം Ph: 9497023219
കച്ചേരിത്താഴം, മൂവാറ്റുപുഴ Ph: 9744305655
കടമറ്റം, കോലഞ്ചേരി Ph: 9605591922
യു.സി.കോളേജ്, ആലുവ Ph: 8281833349
മാർക്കറ്റ് റോഡ്, ആലുവ Ph: 7510430002
പള്ളിത്താഴം, നോർത്ത് പറവൂർ Ph: 9895989085
എം.സി.റോഡ്, അങ്കമാലി Ph: 9400611447
പാലാ റോഡ്, കൂത്താട്ടുകുളം Ph: 7559821043
പല്ലാരിമംഗലം, അടിവാട് Ph: 9633894051
ഊന്നുകൽ, കോതമംഗലം Ph: 6282691160
തമ്മനം റോഡ്, പാലാരിവട്ടം Ph: 8111901431
വട്ടയ്ക്കാട്ടുപടി, പെരുമ്പാവൂർ Ph: 7593935864
നെല്ലിക്കുഴി, കോതമംഗലം Ph: 8848442375
ചെറായ് റോഡ്, ഞാറക്കൽ Ph: 7356056619
കൊള്ളിക്കൽ, പിറവം Ph: 7034842734
വള്ളുവള്ളി വളവ്, കൂനമാവ് Ph: 8281653098
ക്ലബ്ബ് Jn., ഇടപ്പള്ളി Ph: 7025615692

FACTORY Kolani, Panchavadipalam THODUPUZHA Ph: 7510430002
www.marvelmattress.co.in

# ചോദ്യോത്തര പംക്തി ആരംഭിച്ചു



**വ്യവസായികളുടെ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള സംശയ നിവാരണത്തിന് ഒരു ചോദ്യോത്തര പംക്തി ആരംഭിച്ചു.**

| **വിഷയങ്ങൾ** | **മറുപടി നല്കുന്ന വിദഗ്ധർ** |
|---|---|
| **സംഘടന വിഷയങ്ങൾ** | എ.നിസാറുദ്ദീൻ സംസ്ഥാന പ്രസിഡന്റ്<br>Mob 94477 10078 |
| **ലേബർ സബ് കമ്മിറ്റി ചെയർമാൻ** | അഡ്വ. സി. ബി. മുകുന്ദൻ<br>Mob 94470 85764 |
| **ജി.എസ്.ടി. & സെൻട്രൽ എക്സൈസ് സബ് കമ്മിറ്റി ചെയർമാൻ** | അഡ്വ. കെ. എസ്. ഹരിഹരൻ<br>Mob 98950 69926 |
| **ഇൻഡസ്ട്രീസ് & കോമേഴ്സ് ചെയർമാൻ** | ടി.എസ്. ചന്ദ്രൻ, Rtd ഡെപ്യൂട്ടി ഡയറക്ടർ<br>Mob 94475 09915 |
| **ബാങ്കിങ്ങ്/ഫൈനാൻസ്** | 1. ബിജു, ഡി.ജി.എം. എസ്.ബി.ഐ.<br>Mob 99304 55123<br>2. പത്മജൻ കെ.കല്ലിയമ്പത്ത്. ഡയറക്ടർ, എസ്.ബി.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിങ്ങ് ആന്റ് ഡവലപ്മെന്റ്<br>Mob 94477 12655 |
| **ഇലക്ട്രിസിറ്റി – സബ് കമ്മിറ്റി കൺവീനർ** | പി.കെ.പുരുഷോത്തോമൻ<br>Mob 94477 40101 |
| **മരാധിഷ്ഠിത – സബ് കമ്മിറ്റി കൺവീനർ** | എം.എം. മുജീബ് റഹിമാൻ<br>Mob 94477 36134 |
| **ഐ.ഡി.എ.,ഐഡി.പി. സബ് കമ്മിറ്റി ചെയർമാൻ** | അഡ്വ. പി. സജ്ഞയ്<br>Mob 98470 54788 |
| **ചോദ്യങ്ങൾ അയക്കേണ്ട ഇ മെയിൽ** | kssiastate@gmail.com<br>kssianews@gmail.com |

## നമ്മുടെ വ്യവസായം

കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**എസ്. സലിം**
ചീഫ് എഡിറ്റർ



# കെ.എസ്.എസ്.ഐ.എ. യെ സപ്പോർട്ടിങ്ങ് പാർട്ട്ണറായി മലയാള മനോരമ കൊച്ചിയിൽ മെഷിനറി ആന്റ് ട്രേഡ് എക്സ്പോ സംഘടിപ്പിച്ചു

മലയാള മനോരമ കൊച്ചിയിൽ സംഘടിപ്പിച്ച മെഷിനറി ആന്റ് ട്രേഡ് ഇക്സ്പോ എറണാകുളം ജില്ല കളക്ടർ രേണു രാജ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. പ്രമുഖ കമ്പനികളുടെ ഉത്പന്ന മേഖലയുമായി മലയാള മാനോരമ ക്വിക്ക് കേരള ഒരുക്കിയ മെഷിനറി ആന്റ് ട്രേഡ് എക്സ്പോയ്ക്ക് മറൈൻ ഡ്രൈവിലാണ് തുടക്കം കുറിച്ചത്. ജനറൽ സെക്രട്ടറി പി.ജെ. ജോസും ഉദ്ഘാടന ചടങ്ങിൽ ആശംസാ പ്രസംഗം നടത്തി. 120 ലേറെ സ്റ്റാളുകളിലായി 50 മെഷിനറി നിർമ്മാതാക്കളുടെ ഉത്പന്നങ്ങളാണ് പ്രദർശിപ്പിച്ചിരുന്നത്. മികച്ച ഓഫറുകളുമായി ക്രിസ്തുമസ് ഷോപ്പിങ്ങ് ഫെസിറ്റിവലും ഉണ്ടായിരുന്നു. ഫുഡ് പാക്കിങ്ങ്, ഫുഡ് പ്രൊസ്സസിങ്ങ് ലോൻട്രി, ഐസ് ക്രീം മേക്കിങ്ങ്, കീ ഡൂപ്ലിക്കേഷൻ, നാപ്ക്കിൻ, വെൽഡിങ്ങ്, മാന്യുഫാക്ചറിങ്ങ്, ചപ്പാത്തി മേക്കിങ്ങ്, കൊപ്ര മെഷിൻസ്, എന്നീ മെഷിനറികൾ ലഭ്യമായിരുന്നു. ചലിക്കുന്ന റോബോട്ടുകളായിരുന്നു മറ്റൊരു സവിശേഷത. ഫർണിച്ചർ കയർ ഉത്പന്നങ്ങൾ ഫെൻസിങ്ങ് മെറ്റിരിയൽസുകൾ, മസാജർ, മോപ് ആന്റ് വാട്ടർ ടാങ്ക് ക്ലീനർ, ടവർ ഫാൻ, ചപ്പാത്തി മേക്കർ, പവ്വർ സേവിങ്ങ് ബൾബ്സ്, ഒപ്റ്റിക്കൽ ലെൻസ്, കാർ വാഷ് എന്നിവയ്ക്കു പുറമെ ഭക്ഷ്യ വിഭവങ്ങളും മേളയിൽ ലഭ്യമായിരുന്നു. ബഹു. മന്ത്രി പി. രാജീവ് ആണ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് . കേരളത്തിലെ ഇടത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾക്കാണ് ഭാവിയെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. കേരളത്തിൽ ഒരു വർഷം ശരാശരി 10000 യൂണിറ്റുകളാണ് റജിസ്റ്റർ ചെയ്തിരുന്നത്. ഈ വർഷം അത് 1.09 ലക്ഷം എം.എസ്.എം. ഇ. കൾ ക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. സമാപന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പി.ജെ. ജോസ് പങ്കെടുത്ത് സംസാരിക്കുകയുണ്ടായി.






↑ മലയാള മനോരമ കൊച്ചിയിൽ സംഘടിപ്പിച്ച മെഷിനറി ആന്റ് ട്രേഡ് എക്സ്പോയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് ആശംസപ്രസംഗം നടത്തുന്നു.



↑ മലയാള മനോരമ കൊച്ചിയിൽ സംഘടിപ്പിച്ച മെഷിനറി ആന്റ് ട്രേഡ് ഇക്സ്പോ സമാപന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് ബഹു. മന്ത്രി പി രാജീവിൽ നിന്നും മെമന്റോ ഏറ്റു വാങ്ങുന്നു.

# മലപ്പുറം ജില്ല വ്യവസായി സംഗമം ബിസിനസ്സ് മീറ്റ് നടത്തി

BUSINESS MEET 2022

മലപ്പുറം ജില്ല റോസ് ലോഞ്ച് കൺവെൻഷൻ സെന്ററിൽ ജില്ലയും മീഡിയ വൺ ചാനലും സംയുക്തമായി സംഘടിപ്പിച്ച വ്യവസായി സംഗമം ബിസിനസ്സ് മീറ്റ് ബഹു. കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് കാർഷിക വ്യവസായത്തിന് അനന്തമായ സാദ്ധ്യതയുണ്ടെന്ന് കൃഷി മന്ത്രി പറഞ്ഞു. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വ്യവസായങ്ങൾക്കും പൂർണ്ണ പിന്തുണ ഉണ്ടാകുമെന്ന് ബിസിനസ്സ് മീറ്റിൽ പങ്കെടുത്ത മുൻ വ്യവസായ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലികുട്ടി പറയുകയുണ്ടായി. ഗുണമേന്മയുള്ള കാർഷിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതു വഴി സുരക്ഷിതമായ ഭക്ഷണം നല്കുന്നതിലൂടെ വ്യവസായ മേഖലയ്ക്ക് കൂടുതൽ പുരോഗതി കൈവരിക്കാൻ പറ്റും. സംസ്ഥാന ഭാരവാഹികളും മറ്റു പ്രമുഖരും വ്യവസായികളും എല്ലാം ഈ ബിസിനസ് മീറ്റിൽ പങ്കെടുക്കുകയുണ്ടായി. മലപ്പുറം ജില്ല പുറത്തിറക്കിയ വ്യവസായ മിത്രം എന്ന പുസ്തകം ബഹു. കൃഷി മന്ത്രി പി. പ്രസാദ് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന് നല്കി കൊണ്ട് പ്രകാശനം ചെയ്തു. വ്യവസായികൾക്കും, സംസ്ഥാന ഭാരവാഹികൾക്കും പുരസ്ക്കാരം നല്കുകയുണ്ടായി. വ്യവസായി സംഗമത്തിന് മുന്നോടിയായി കെ.എസ്.എസ്. ഐ.എ. സംസ്ഥാന കമ്മിറ്റി യോഗം നടന്നു. സംസ്ഥാനത്തിന്റെ 14 ജില്ലകളിലുള്ള നൂറിലധികം അംഗങ്ങൾ സംസ്ഥാന കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. സംസ്ഥാന ഭാരവാഹികളെയും കെ.എസ്.എസ്.എഫ് ചെയർമാനേയും, കൺവീനറേയും യോഗത്തിൽ വെച്ച് മലപ്പുറം ജില്ല ആദരിക്കുകയുണ്ടായി. കൂടാതെ സംസ്ഥാന സംഘടന മുൻ സംസ്ഥാന പ്രസിഡന്റ് എം. ഖാലീദിനെയും ടെക്നോസിറ്റി കൺവീനർ എൻ.എ.അനീസിനേയും യോഗത്തിൽ വെച്ച് മെമ്മന്റോ നല്കി ആദരിച്ചു.



↑ മലപ്പുറം ജില്ല വ്യവസായി സംഗമം ബഹു. കൃഷി മന്ത്രി പി. പ്രസാദ് ബിസിനസ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രസംഗിക്കുന്നു



↑ കൃഷി മന്ത്രി പി. പ്രസാദ് മലപ്പുറം ജില്ല പുറത്തിറക്കിയ വ്യവസായ മിത്രം എന്ന പുസ്തകം പ്രകാശനം ചെയ്യുന്നു.



↑ മലപ്പുറം ജില്ലയുടെ ഉപഹാരം ജില്ല പ്രസിഡന്റ് പി. ജുനൈദ് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് നല്കുന്നു



↑ കെ.എസ്.എസ്.ഐ.എ. മുൻ സംസ്ഥാന പ്രസിഡന്റ് എം. ഖാലീദിന് പ്രവർത്തന മികവിനുള്ള ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ നല്കുന്നു.

# ജില്ലാ വാർത്തകൾ




കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റും കൊല്ലം ജില്ല ചെറുകിട വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റുമായ എ.നിസാറുദ്ദീന് സംഘം റജിസ്ട്രാർ അലക്സ് വർഗീസ് ഐ.എ.എസ് മെമന്റോ നലകുന്നു.




കൊല്ലം ജില്ലാ ചെറുകിട വ്യവസായ സഹകരണ സംഘത്തിന്റെ വാർഷിക പൊതു യോഗത്തിൽ വെച്ച് ബഹു. സഹകരണ സംഘം റജിസ്ട്രാർ അലക്സ് വർഗീസ് ഐ.എ.എസിന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമന്റോ നലകുന്നു.




എറണാകുളം ഡി.ഐ.സി. സംസ്ഥാന കമ്മിറ്റി ഹാളിൽ സംഘടിപ്പിച്ച Technology Clinic on Export Opportunities Procedures and Documentation എന്ന ത്രിദിന സെമിനാർ ജനറൽ സെക്രട്ടറി പി.ജെ. ജോസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു



സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിനെ കണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിവേദനം കൊടുത്ത് ചർച്ച ചെയ്യുന്നു.




BOC GLobal Association കൊല്ലം ജില്ല ചാപ്റ്റർ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.




കൊല്ലം ജില്ല ഓഫീസിൽ 25 വർഷം ഓഫീസ് അറ്റൻഡർ ആയി സേവനം അനുഷ്ഠിച്ച പി. മണിക്ക് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമന്റോ നല്കി ആദരിക്കുന്നു.

# വ്യവസായ നിറവിൽ കേരളം: സംരംഭക മഹാസംഗമം ജനുവരി 21 ന്



ലേഖകൻ: സുരജ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ – ബിപ്പ്

**കേ**രള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ചരിത്രം സൃഷ്ടിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭക മഹാസംഗമം സംഘടിപ്പിക്കുന്നു. 2023 ജനുവരി 21 ന് എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ 10,000 ത്തിൽപ്പരം നവസംരംഭകർ ഒരുമിക്കും. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന സംരംഭക മഹാസംഗമത്തിൽ നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ്, ധനമന്ത്രി കെ.എൻ. ബാലഗോപാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ്, റവന്യു വകുപ്പ് മന്ത്രി കെ. രാജൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ എന്നിവർ പങ്കെടുക്കും.

സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി നേരത്തെ തന്നെ ചരിത്ര ലക്ഷ്യം പൂർത്തികരിച്ചിരുന്നു.

കഴിഞ്ഞ് മാർച്ച് 30 ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയനാണ് സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ഏപ്രിലിൽ തുടക്കം കുറിച്ച പദ്ധതി നവംബർ ആയപ്പോൾ തന്നെ പദ്ധതി ലക്ഷ്യം പൂർത്തിയാക്കി. ഒരു വർഷം കൊണ്ട് നേടാൻ ഉദ്ദേശിച്ചത് 8 മാസം കൊണ്ട് നേടി. പല മാനങ്ങൾ കൊണ്ട് ഇത് ഇന്ത്യയിൽ തന്നെ പുതു ചരിത്രമാണ്. സംരംഭങ്ങൾ രൂപികരിക്കാനെടുത്ത ചുരുങ്ങിയ സമയം, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യങ്ങൾ, പുതുതായി സംരംഭകത്വത്തിലേക്ക് വന്ന വനിതകളുടെ എണ്ണം തുടങ്ങി ഈ പദ്ധതി സൃഷ്ടിച്ച റെക്കോഡുകൾ നിരവധിയുണ്ട്. അതിന്റെ ചുവടു പിടിച്ച് സംരംഭക വർഷം പദ്ധതിയ്ക്ക് ലഭിച്ച ദേശീയ അംഗീകാരം ലഭിക്കുകയും ചെയ്തു. ബഹു. പ്രധാന മന്ത്രി നരേന്ദ്ര മോധി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി കേരളത്തിലെ വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി കേന്ദ്ര സർക്കാർ അവതരിപ്പിക്കുകയായിരുന്നു.


ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പ് തന്നെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച പദ്ധതി സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. പദ്ധതി ആരംഭിച്ച് 235 ദിവസം പിന്നിടുമ്പോഴാണ് ഈ നേട്ടം കൈവരിക്കപ്പെട്ടത്. 8 മാസത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചെങ്കിൽ അവശേഷിക്കുന്ന ദിവസങ്ങളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ചു കൊണ്ടായിരിക്കും സംരംഭക വർഷം അവസാനിക്കുക.

പദ്ധതി പ്രകാരമുള്ള പുതിയ കണക്ക് പ്രകാരം ഇതുവരെ 7,261.54 കോടിയുടെ നിക്ഷേപങ്ങളാണ് ഉണ്ടായിരിക്കുന്നത്. 1,18,509 സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ടതിലൂടെ 2,56,140 തൊഴിലുകൾ സൃഷ്ടിക്കാനായി. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന – ജില്ലാ– തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപികരിച്ചിരുന്നു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചു. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കി. എല്ലാ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സണന്മാരേയും നിയമിച്ചു. സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള നിക്ഷേപ സൗഹൃദ നടപടികൾ സംരംഭകത്വത്തിലേക്ക് കാലെടുത്തു വെക്കുന്നതിന് ശങ്കിച്ചു നിന്നവരെയും പദ്ധതിയുടെ ഭാഗമാക്കാൻ സഹായിച്ചു. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും അതിനേക്കാൾ ഉയർന്ന നേട്ടം കൈവരിക്കാൻ സാമ്പത്തിക വർഷാവസാനത്തോടെ സാധിക്കുമെന്നാണ് ഇപ്പോഴത്തെ കണക്കുകൾ വ്യക്തമാക്കുന്നത്.





Always
A STRIDE AHEAD
ART NO : 1401
ART NO : 9110
ART NO : 9115
ART NO : 940
ART NO : 782
ART NO : 8302
EG 92
DELUX
LUNAR'S®
www.lunars.com
പാദങ്ങൾക്കുമുണ്ട്
മോഹങ്ങൾ

The resort gets its name from the congregation of periyar river surrounding three sides of the resort and the lovely wooden dark and deep Salim Ali Bird Sanctuary in the backdrop.
Peninsular Woods
A Sanctuary Resort
Bhoothathankettu, Kothamangalam
Ernakulam, Kerala, S. India
Call : 9544148211
web:www.peninsularwoods.in
email:mail@peninsularwoods.in
Peninsular Woods Resorts
A venture of Thattekkad Hotels and Resorts Pvt. Ltd.


എന്റെ സംരംഭം നാടിന്റെ അഭിമാനം
വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ
RESPONSIBLE INVESTMENT INDUSTRY
ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
സംരംഭക മഹാസംഗമം
2023 ജനുവരി 21
ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ
സ്റ്റേഡിയം ഗ്രൗണ്ട്, കലൂർ, കൊച്ചി
സംരംഭക വർഷത്തിന്റെ ഭാഗമായി
കേരളത്തിലെ സംരംഭകർ
ഒത്തുചേരുന്നു

25th January 2023, Kalamassery.
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, H M T Industrial Estate, H M T Colony P.O;, Kalamassery - 683 503 Phone: 9496360300, Email: kssiastate@gmail.com, and Printed at Rajasree Industrial Printers, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at H M T Industrial Estate, Kalamassery, Ernakulam District. Chief Editor: S. Salim.